Page 1 of 2

പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകി വരികയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. കാവുകളിലുള്ള ജൈവവൈവിധ്യം, ജലസ്രോതസ്സ്/ ജലസംരക്ഷണ കുളങ്ങൾ, വിസ്തൃതി, കാവിലുള്ള വൃക്ഷങ്ങളുടെയും ജീവജാലങ്ങളുടെയും വിശദാംശങ്ങൾ എന്നിവ പരിഗണിച്ചാണ് കാവുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) കോട്ടയം ജില്ലയിൽ ഏതെല്ലാം കാവുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കഴിഞ്ഞ 3 വർഷം കോട്ടയം ജില്ലയിൽ നിന്നും ധനസഹായത്തിന് അർഹമായ കാവുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

തെന്മല പോലീസ് സ്റ്റേഷന് വനഭൂമി വിട്ടു നൽകൽ

166(912) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല പോലീസ് സ്റ്റേഷന് വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

തെന്മല പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 1980-ലെ വന സംരക്ഷണ നിയമത്തിലെ സെക്ഷൻ 2 പ്രകാരം 0.3845 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി യൂസർ ഏജൻസിയായ കൊല്ലം റൂറൽ ജില്ലാ പോലീസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് സ്റ്റേജ്-1 അനുമതിക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിലേക്ക് നൽകിയിരുന്നു. എന്നാൽ 9-11-2020-ലെ F.No. 4 KLB 1265/2020-BAN പ്രകാരം കേന്ദ്ര സർക്കാർ ചില അധിക വിവരങ്ങൾ തേടിയിരുന്നു. ആയത് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ആരാഞ്ഞിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന് അയച്ച് കൊടുത്ത് ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല.

(സി) പ്രസ്തുത സ്റ്റേഷന് വനഭൂമി വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട അനുമതി ലഭ്യമാക്കി എന്നത്തേക്ക് ഭൂമി വിട്ടുനല്കാനാകുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ സ്റ്റേജ്-1 അനുമതിയും തുടർന്ന് സ്റ്റേജ്-2 അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച്

167(913) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) FWL-C1/222/2019-FWD ഫയലിൻമേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് സർക്കാർ റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടയഭൂമി ലെഫ്റ്റ് ഔട്ട് ഫോറസ്റ്റ് പ്രൊപ്പോസലിനെ സംബന്ധിച്ച് ബഹു. വനം വകുപ്പുമന്ത്രി മുമ്പാകെ മുഹമ്മദ് s/o അഹമ്മദ്കുട്ടി, പാലക്കണ്ടിയിൽ, ആവിലോറ, താമരശ്ശേരി, കോഴിക്കോട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 26-11-2019-ലെ FWLD-C1/222/2019-FWLD നമ്പർ കത്തിലൂടെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് നിർദേശം നൽകിയിരുന്നു. മേൽ റിപ്പോർട്ട് ലഭ്യമായശേഷം പ്രസ്തുത വിഷയം FWLD-C1/222/2019-FWLD എന്ന ഫയലിൽ കൈകാര്യം ചെയ്ത അപേക്ഷകന് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതാണ്.